# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 792      24.07.2012 ൽ മറുപടിയ്ക്ക്

## സ്പീഡ് ഗവർണർ

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) എത്ര ടണ്ണിൽ കൂടുതൽ ഗ്രോസ്സ് വെയിറ്റ് ഉള്ള വാഹനങ്ങൾക്കാണ് സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്നറിയാൻ എന്ത് സംവിധാനമാണ് നിലവിൽ ഉള്ളത്; | എ) | വാഹനങ്ങളുടെ ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റിന് അനുസൃതമായല്ല മറിച്ച് വാഹനങ്ങളുടെ തരം അടിസ്ഥാനമാക്കികൊണ്ടാണ് സ്പീഡ് ഗവർണ്ണർ ഫിറ്റ് ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. എല്ലാ സ്റ്റേജ് ക്യാരേജുകൾക്കും, എല്ലാ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും, എല്ലാ ടിപ്പർ വാഹനങ്ങൾക്കും കൂടാതെ സ്കൂൾ കുട്ടികളെ കൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന മുചക്ര വാഹനങ്ങൾ ഒഴികെയുള്ള എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ വാഹനങ്ങൾ ഓടിച്ചു നോക്കി മാത്രമേ ഇവ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുകയുള്ളൂ. വാഹനങ്ങൾ ഫിറ്റ്നസ്സ് പരിശോധനയ്ക്ക് ഹാജരാക്കുന്ന സമയത്തും വാഹന പരിശോധനാ വേളകളിലും സ്പീഡ് ഗവർണ്ണറുകൾ പ്രവർത്തന സജ്ജമാണോ എന്ന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്നുണ്ട്. |
| (ബി) സ്പീഡ് ഗവർണറുകൾ സേഫ്റ്റി കാറ്റഗറിയിൽപ്പെടുന്നവയായതിനാൽ അവ ഉല്പാദിപ്പിച്ച കമ്പനികളിൽ അല്ലാതെ അംഗീകാരമില്ലാത്ത വർക്ക്ഷാപ്പുകളിൽ റിപ്പയർ ചെയ്യുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) | ഇല്ല. |
| (സി) ഓരോ കമ്പനിയുടെ സ്പീഡ് ഗവർണറിനും സാങ്കേതിക വിദ്യ വ്യത്യസ്തമായതിനാൽ ഘടിപ്പിച്ചിട്ടുണ്ടെന്നല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് ആർ. ടി. ഓഫീസുകളിൽ പരിശോധിക്കാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | സി) | സാങ്കേതിക വിദ്യയിൽ വ്യത്യാസമുണ്ടെങ്കിലും സ്പീഡ് ഗവർണ്ണർ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധനാ വേളകളിൽ പ്രത്യേകമായി വാഹനം ഓടിച്ചു നോക്കി പരിശോധിക്കാറുണ്ട്. |

| | | |
|---|---|---|
| (ഡി) സ്പീഡ് ഗവർണറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുവാൻ അംഗീകൃത സ്ഥാപനങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിർദ്ദേശം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ